# കേരള രാജ്യാന്തര ഊർജമേള: എൽഇഡി റിപ്പയറിങ് പരിശീലനം സംഘടിപ്പിച്ചു

തിരുവനന്തപുരം: എനർജി മാനേജ്മെന്റ് സെന്റർ സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ ഓഫ് കേരളയ്ക്ക് തുടക്കം കുറിച്ചു കൊണ്ട് തൈക്കാട് പൊലീസ് മൈതാനിയിൽ ഹരിതകർമ സേന അംഗങ്ങൾക്കായി മെഗാ എൽഇഡി ബൾബ് റിപ്പയറിങ് പരിശീലന പരിപാടി സംഘടിപ്പിച്ചു. നവകേരളം കർമ പദ്ധതി കോഓർഡിനേറ്റർ ഡോ ടി എൻ സീമ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു.

വിവിധ ജില്ലകളിലുള്ള 700ഓളം ഹരിതകർമസേന അംഗങ്ങൾ പരിപാടിയുടെ ഭാഗമായി. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് വരുമാനമാർഗം കണ്ടെത്താൻ സാധിക്കുന്ന രീതിയിലാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

എനർജി മാനേജ്മെന്റ് സെന്റർ റിസോഴ്സ് പേഴ്സൺ സാബിർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. തിരുവനന്തപുരം എൽബിഎസ് കോളജിലെ 50ഓളം വിദ്യാർത്ഥിനികൾ പരിശീലന പരിപാടി ഏകോപിപ്പിച്ചു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കും.

എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ ആർ ഹരികുമാർ അധ്യക്ഷനായ ചടങ്ങിൽ നവകേരളം കർമ്മ പദ്ധതി അസിസ്റ്റന്റ് കോഓർഡിനേറ്റർ ടി പി സുധാകരൻ, എനർജി മാനേജ്മെന്റ് സെന്റർ രജിസ്ട്രാർ ബി വി സുഭാഷ് എന്നിവർ സംസാരിച്ചു.